ഫോറസ്റ്റർ തസ്തികയിൽ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് നിയമനം

120 [1254] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ഫോറസ്റ്റർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിൽ വനംവകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് നിയമനം നൽകുന്നത് സംബന്ധിച്ച് വനം വന്യജീവി വകുപ്പ് 31-1-1998-ൽ പുറപ്പെടുവിച്ച (എംഎസ്.) 11/98-ാം നമ്പർ ഉത്തരവുപ്രകാരം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവുപ്രകാരം ഇപ്പോഴും നിയമനം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(ഡി) പത്തുശതമാനം നിയമനം മിനിസ്റ്റീരിയൽ ജീവനക്കാർക്കുകൂടി നൽകുന്നതിന് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് ഭേദഗതിയ്ക്കാവശ്യമായ നടപടികൾ ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത ഭേദഗതി എപ്പോൾ പുറപ്പെടുവിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 50 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ നിയമനം നൽകുന്നില്ല.

(സി) ഒ.പി. നം. 17100/01 എന്ന കേസ്സിലെ കോടതി വിധിയിൽ ഫോറസ്റ്റർമാരുടെ നിയമനം എപ്പോഴും സ്പെഷ്യൽ റൂൾ പ്രകാരം ആയിരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. ഈ കോടതി വിധിക്ക് എതിരായി നൽകിയ ഡബ്ല്യു.എ. 2908/01 എന്ന അപ്പീലിന്റെ വിധിയിലും സ്പെഷ്യൽ റൂളിൽ സർക്കാർ ഭേദഗതി വരുത്താത്തപക്ഷം സ.ഉ. നം. (എംഎസ്.) 11/98 തീയതി 31-1-1998 പ്രകാരം മിനിസ്റ്റീരിയൽ സ്റ്റാഫിന് ഫോറസ്റ്റർ തസ്തികയിലേക്ക് കാറ്റഗറി മാറ്റുന്നതിന് അനുവദിച്ചുത്തരവായ 10 ശതമാനം കവിട്ടാ നിലനിൽക്കുന്നതല്ലെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത കോടതി ഉത്തരവിനുശേഷം 98-ലെ സർക്കാർ ഉത്തരവുപ്രകാരം ഇപ്പോൾ നിയമനം നൽകുന്നില്ല.

(ഡി) സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുവാനുള്ള ശുപാർശ പരിഗണനയിലാണ്.

(ഇ) ഉത്തരം (ഡി)-യുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly